(സി) കാലാവധി കഴിഞ്ഞ ഡി.പി.ഇ.പി-യുടെ ഭൗതിക സൗകര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയതെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്കുവേണ്ടി അനുവദിച്ച കേന്ദ്രവിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ബാക്കി തുക എത്രയെന്നും പ്രസ്തുത തുക എന്തു ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പഠനപുരോഗതിയും ഭൗതിക സാഹചര്യങ്ങളുടെ വളർച്ചയും ഡി.പി.ഇ.പി.-യിലൂടെ ഉണ്ടായതായാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

(ബി) പഠന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഡി.പി.ഇ.പി.-യുടെ ഭാഗമായി നിർമ്മിക്കപ്പെട്ട പുതിയ സ്കൂളുകൾ, കെട്ടിടങ്ങൾ, ക്ലാസ്സുമുറികൾ, ടോയ്ലറ്റുകൾ, കുടിവെള്ള സൗകര്യം, ഫർണിച്ചറുകൾ, പഠനബോധന സാമഗ്രികൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവയെല്ലാം സർക്കാർ സ്കൂളുകളിലോ സർക്കാർ വക ഭൂസ്വത്തുകളിലോ ആയിരുന്നു. ഇവയെല്ലാം തന്നെ വിദ്യാഭ്യാസ വകുപ്പിന്റെതായി തുടർന്നുപോരുന്നു.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

എസ്. എസ്. എൽ. സി. ഗ്രേഡിംഗ് സമ്പ്രദായത്തിന് സ്പോർട്ട്സ് കാട്ട

44 [1401] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ:

,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ്. എസ്. എൽ. സി. ഗ്രേഡിംഗ് സമ്പ്രദായത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങളിൽ സ്പോർട്ട്സ് കാട്ടാ തുടങ്ങിയവയ്ക്കുള്ള പരിഗണന എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

എസ്. എസ്. എൽ. സി. പരീക്ഷയിൽ ഗ്രേഡിംഗ് രീതി നടപ്പിലാക്കിയാലും ഉയർന്ന ക്ലാസ്സുകളിലേക്കുള്ള പ്രവേശനത്തിന് സ്പോർട്ട്സ് കാട്ടാ തുടങ്ങിയവയ്ക്കുള്ള പരിഗണന സംബന്ധിച്ചുള്ള ചർച്ച നടന്നുവരികയാണ്. അന്തിമ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly